II. അടിയന്തിരപ്രമേയം

വൈദ്യുതി ഉപഭോക്താക്കൾ കൺസ്യൂമർ കാർഡിനുവേണ്ടി അപേക്ഷാ ഫാറം പൂരിപ്പിച്ചു നൽകണമെന്ന നിർദ്ദേശംമൂലം സംജാതമായ ഗുരുതരമായ സ്ഥിതിവിശേഷം

മി. സ്പീക്കർ : വൈദ്യുതി ബോർഡിന്റെ പക്കൽ മാത്രമുള്ള സാങ്കേതിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫാറം 10.3.2000-നു മുമ്പായി പൂരിപ്പിച്ച് നൽകണമെന്ന് നിർദ്ദേശിച്ചതിന്റെ ഫലമായി ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾമൂലം സംജാതമായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി.ജെ. ജോയി, നാലകത്ത് സൂപ്പി, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് ചെയറിനു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഊർജ്ജ രംഗത്തെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഈ സഭയിൽ ഗവൺമെന്റ് അവതരിപ്പിച്ച വൈദ്യുതി നയത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ബോർഡിലെ വിവിധ പ്രവർത്തന മേഖലകളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ടാസ്ക് ഫോഴ്സുകളെ നിയോഗിക്കുകയുണ്ടായി. വൈദ്യുതി ബോർഡും ജനങ്ങളും തമ്മിലുള്ള ബന്ധം കുറെക്കൂടി മെച്ചപ്പെടുത്തി, സുതാര്യമാക്കി, പരാതികളില്ലാതെ കൺസ്യൂമേഴ്സിന്റെ താല്പര്യം സംരക്ഷിക്കപ്പെടുന്നതിന് കൺസ്യൂമേഴ്സിന് ഒരു ആധികാരിക രേഖ എന്നുള്ള നിലയിൽ കൺസ്യൂമർ കാർഡ് നൽകുന്ന നിർദ്ദേശം ടാസ്ക് ഫോഴ്സുകൾ സമർപ്പിക്കുകയുണ്ടായി. ആ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിലാണ് ബോർഡിനോട് ഈ കാര്യം പരിശോധിക്കുവാൻ ആവശ്യപ്പെട്ടത്. ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് കൺസ്യൂമേഴ്സിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് കൺസ്യൂമർ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത്. കാർഡിനുവേണ്ടിയുള്ള അപേക്ഷയിൽ ചില സാങ്കേതിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഫാറത്തിൽ പറഞ്ഞിരിക്കുന്ന ഏതാനും കാര്യങ്ങൾ പ്രൊമിസസ് കാർഡിൽ ഇതിനകം രേഖപ്പെടുത്തിയിട്ടുള്ളതാണ്. തീർത്തും സാങ്കേതിക വിവരങ്ങൾ ഉപഭോക്താക്കൾ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. കണക്ടഡ് ലോഡ്, കണക്ഷൻ ചാർജ്, ഡി.ഡി. തുക, തീയതി തുടങ്ങിയ വിവരങ്ങൾ പൂരിപ്പിക്കുന്നതിനു ഉപഭോക്താവിന് ബോർഡിലെ ആഫീസിൽനിന്ന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാസം 10-ാം തീയതിക്കുള്ളിൽ പൂരിപ്പിച്ച് കൊടുക്കണമെന്നാണ് പൊതുവായി കൊടുത്തിട്ടുള്ള നിർദ്ദേശം. ഫാറത്തിൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉപഭോക്താവിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യതയുടെയോ ബുദ്ധിമുട്ടിന്റേയോ ഭാവിയിൽ പ്രയാസം സൃഷ്ടിക്കുന്നതോ ആയ ഒന്നും ബോർഡ് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റ് അങ്ങനെ കാണുകയുമില്ല. യഥാർത്ഥത്തിൽ കാർഡ് കൺസ്യൂമേഴ്സിന് സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കുന്നതും നിരവധി പരാതികൾ കൺസ്യൂമേഴ്സിനുള്ളത് ദൂരീകരിക്കുവാനും സഹായകമാകും എന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സംവിധാനമാണ് ഇത്. കൺസ്യൂമർ കാർഡ് എന്നുള്ള നിലയിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടോ പ്രയാസങ്ങളോ ഉണ്ടെങ്കിൽ അതെല്ലാം പരിശോധിക്കുവാനും പരിഹരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനു ഗവൺമെന്റ് സന്നദ്ധരാണ് എന്നുള്ള കാര്യം ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് നൽകണമെന്നുള്ള ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് അനുസരിച്ച് നടപ്പാക്കാൻവേണ്ടിയാണ് പ്രൊഫോമാ പൂരിപ്പിച്ചുകൊടുക്കുവാൻ തീരുമാനം എടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കൺസ്യൂമർ കാർഡ് കൊടുക്കുന്നതിനു ഞങ്ങളാരും എതിരല്ല. ഇവിടെയുള്ള പ്രസക്തമായ കാര്യം, ഈ കൺസ്യൂമർ കാർഡ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഫോറം പൂരിപ്പിക്കേണ്ട ആവശ്യം എന്താണെന്നുള്ളതാണ്; എന്തൊക്കെ ആവശ്യങ്ങളാണ് പ്രൊഫോമയിലുള്ളത്; 1-ാം പേജിൽ ബിൾഡിംഗ് നമ്പർ, കണക്ഷൻ നൽകിയ തീയതി - കണക്ഷൻ നൽകിയ തീയതി ആർക്കാണ് ഓർക്കുവാൻ കഴിയുക - ബഹുമാനപ്പെട്ട മന്ത്രിയുടെ വീട്ടിൽ കണക്ഷൻ കിട്ടിയ തീയതി ഓർക്കുവാൻ കഴിയുമോ? സെക്ഷൻ അഥവാ മേജർ സെക്ഷൻ, ഡിവിഷൻ ഏത്, സർക്കിൾ ഏത്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതൊക്കെ ചെറിയ കാര്യങ്ങൾ അറിയുവാൻ കഴിയും. ജില്ല, ഫോൺനമ്പർ, ക്യാഷ് ഡെപ്പോസിറ്റ്, ക്യാഷ് ഡെപ്പോസിറ്റ് പോട്ടെ, ഡെപ്പോസിറ്റ് റസീപ്റ്റ്, തീയതി, സർവ്വീസ് കണക്ഷൻ ചാർജ്ജ്, സർവ്വീസ് കണക്ഷൻ ചാർജ്ജ് അടച്ചതിന്റെ റെസീപ്റ്റ്, നമ്പർ, തീയതി, പിന്നെ കണക്റ്റഡ് ലോഡ്, വൈദ്യുതി എന്താവശ്യത്തിന് ഉപയോഗിക്കുന്നു, ഇതാണ് 1-ാം പേജിലുള്ള വിവരങ്ങൾ. അതിനേക്കാൾ ഗൗരവമുള്ളതാണ് രണ്ടാമത്തെ പേജിലുള്ളത്. സിംഗിൾ ഫെയ്സാണോ, ത്രീ ഫെയ്സാണോ, ട്രാൻസ്ഫോർമർ ഏത്, പോസ്റ്റ് നമ്പർ, ലൈനിന്റെ നീളം, ഓവർ ഹെഡ് എത്ര, വെതർ പ്രൂഫ് എത്ര മീറ്റർ, മിനിമം ഗ്യാരന്റി തുക, മീറ്റർ നമ്പർ, മീറ്ററിന്റെ കപ്പാസിറ്റി ഇതെല്ലാം പൂരിപ്പിച്ചുകൊടുത്താൽ അതിന്റെ അവസാനം എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഓഫീസ് റിക്കാർഡുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ബോർഡിന് തീരുമാനം എടുക്കാവുന്നതാണ് എന്നു പറഞ്ഞ് ഒപ്പിട്ട ഒരു പ്രതിജ്ഞാ പത്രവും. എന്തിനാണ് ഇത്? കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട ആളുകൾക്ക് മനോവേദന വരുത്തുവാൻവേണ്ടിയുള്ള ഒരു ഫോറം പൂരിപ്പിച്ചുകൊടുക്കണമെന്ന തീരുമാനം എന്തിനുവേണ്ടി എടുത്തു? അല്ലെങ്കിൽത്തന്നെ ഇലക്ട്രിസിറ്റി ബോർഡ് എന്നു പറഞ്ഞാൽ ഇരുട്ടടി നൽകുന്ന ഒരു സ്ഥാപനമായി മാറുകയാണ്. ഞാൻ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട് ഇതൊരു ബ്ലേഡ് കമ്പനിയായി മാറിയിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഇതുമൂലം ഉണ്ടായിട്ടുണ്ട്. പാവപ്പെട്ട ആളുകൾ ഇതു പൂരിപ്പിച്ചു കൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇതു പൂരിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാർ സഹായിക്കും. അവിടെയുള്ള റിക്കാർഡുവച്ചുകൊണ്ട് ഇതു ചെയ്യുമെന്ന്. അവിടെ റിക്കാർഡ് ഉണ്ട്. അവിടെ റിക്കാർഡ് ഉള്ളപ്പോൾ എന്തിനാണ് ഈ പാവപ്പെട്ട ആളുകളെക്കൊണ്ട് ഇതു പൂരിപ്പിക്കുന്നത്? അവരെ എന്തിനാണ് വേദനിപ്പിക്കുന്നത്? ഇങ്ങനെ സാഡിസ്റ്റിന്റെ രീതിയിലുള്ള തീരുമാനം എടുക്കുന്നത് ശരിയാണോ? ഇതു വളരെ ഗുരുതരമായ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുമോ എന്ന് എനിക്ക് അറിയില്ല. ഓഫീസുകളിൽ രേഖകൾ ഇല്ലായിരിക്കാം. ഈ ഓഫീസുകളിലൊന്നും രേഖകൾ ഉണ്ടാവുകയില്ല. അതാണ് ഏറ്റവും വലിയ ഗുരുതരമായ പ്രതിസന്ധി. ഇതൊരു അനാവശ്യമാണെന്ന് വ്യക്തമായിട്ട് നമുക്ക് അറിയാം; ബഹുമാനപ്പെട്ട മന്ത്രിക്ക് ഉപഭോക്തൃ സംരക്ഷണ സമിതി ഒരു നിവേദനം കൊടുത്തു, ഇത്

LIBRARY ARCHIVES Kerala Legislative Assembly

ദുരുദ്ദേശപരമാണെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. നിവേദനത്തിൽ അങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. ഇലക്ട്രിസിറ്റി ബോർഡിൽ അപേക്ഷ കൊടുത്തപ്പോൾ മുതലുള്ള മുഴുവൻ ഡീറ്റെയിൽസും അവിടെയുണ്ട്. മുഴുവൻ ഡീറ്റെയിൽസും അവിടെ ഉള്ളപ്പോൾ എന്തിനാണ് കൺസ്യൂമേഴ്സിനെക്കൊണ്ട് ഇത് ചെയ്യിപ്പിക്കുന്നത്? ഇലക്ട്രിസിറ്റി ബോർഡ് ഒരു തീരുമാനമെടുത്തിട്ടുണ്ട്. സ്പോട്ട് ബ്ലില്ലിംഗ് സംവിധാനം. എല്ലാ വീടുകളിലും പോയി സ്പോട്ട് ബില്ലിംഗ് സംവിധാനം ഉണ്ടാകുമെന്ന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. അതു ഞാൻ പത്രത്തിൽ വായിച്ചു. അങ്ങനെയെങ്കിൽ ഈ ഫോമുകൾ പൂരിപ്പിക്കുവാൻ വീടുകളിൽ ചെല്ലുന്ന ഉദ്യോഗസ്ഥന്മാർക്ക് കഴിയുമല്ലോ; ഇപ്പോൾ പാവപ്പെട്ട ഈ ആളുകൾ നിരന്തരം സെക്ഷനാഫീസുകളിൽ കയറിയിറങ്ങുന്നു. ഇവരെ കാണുന്നതും ഉദ്യോഗസ്ഥന്മാർ ഒളിച്ച് ഓടുകയാണ്. ഉദ്യോഗസ്ഥന്മാർക്ക് ഇതിനെപ്പറ്റി നിശ്ചയമില്ല. അവർക്ക് കണക്റ്റഡ് ലോഡോ, തീയതിയോ, റസീപ്റ്റ് നമ്പരോ ഒന്നും അറിയില്ല. വെതർ പ്രൂഫിന്റെ നീളം തുടങ്ങിയ ഒന്നും അവിടെ ഇല്ല. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് പൂരിപ്പിക്കുവാൻ കഴിയുമോ?

ആർക്കെങ്കിലും കഴിയുമോ? ഇവിടെയിരിക്കുന്ന അംഗങ്ങൾ നാളെ അസംബ്ലി കഴിഞ്ഞ് വീട്ടിലെത്തിയാൽ ഉപഭോക്താക്കൾ നമ്മളെയൊക്കെ പിടികൂടാനിരിക്കുകയാണ്. വളരെ ഗുരുതരമായ സ്ഥിതിയാണ്. നാളെ അസംബ്ലി കഴിഞ്ഞ് വീടുകളിലേക്ക് ചെന്നാൽ ഉപഭോക്താക്കൾ മുഴുവനും ഇതു പൂരിപ്പിക്കാൻ എം.എൽ.എ.-മാരുടെ അടുത്തേക്കു വരും. വളരെ ഗുരുതരമായൊരു സ്ഥിതിയാണിത്. ബഹുമാനപ്പെട്ട ചെയർ ഫോറം കണ്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇതിൽ അങ്ങ് ഇടപെടണം. കാരണം ഇത് അനാവശ്യമാണ്. ഓഫീസിലുള്ള രേഖകൾ വച്ച് കൺസ്യൂമർ കാർഡ് കൊടുക്കേണ്ടതിനു പകരം അപേക്ഷാഫോറമെന്നുള്ള പ്രഹസനം, ഇതു ദുരുദ്ദേശപരമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു പറയാനുള്ളത്, അങ്ങ് ചെറുപ്പമാണ്. അങ്ങേയ്ക്ക് ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്. അങ്ങ് ഇതു പിൻവലിക്കണം. ഈ സഭയിൽ ഇതു പിൻവലിച്ചുകൊണ്ട് ഒരു പ്രഖ്യാപനം അങ്ങു നടത്തണം. അതു പിൻവലിക്കാൻ കഴിയില്ലെങ്കിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം. അത്ര ഗുരുതരമായ സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്.

മി. സ്പീക്കർ : നമുക്കു നോക്കാം. മറുപടി നോക്കട്ടെ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഊർജ്ജനയം ഈ സഭയിൽ വിശദീകരിക്കുകയും കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ തന്നെ ചർച്ചയ്ക്കുള്ള മറുപടിയിൽ കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് വിശദീകരിച്ചിട്ടുള്ളതാണ്. ഈ സഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. ചർച്ചയ്ക്കുള്ള മറുപടിയിലും വ്യക്തമാക്കി. ഈ സെഷനിൽ തന്നെ ചോദ്യോത്തരവേളയിൽ ഒരു ഘട്ടത്തിൽ പറഞ്ഞിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ജോയി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആകെ പറഞ്ഞത് രണ്ടോ മൂന്നോ പേജുള്ള ചോദ്യം പൂരിപ്പിക്കുന്നതിന്റെ മനഃക്ലേശത്തെക്കുറിച്ചാണ്. ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് ഒരുപാട് പരാതികളുണ്ടെന്നുള്ളത് ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഗൗരവകരമായ പരിശോധന നടത്തിയ സന്ദർഭത്തിൽ കണ്ടതുകൊണ്ട് ഉപഭോക്താക്കൾക്ക് പരാതിയില്ലാതിരിക്കാൻ അവർക്ക് ആധികാരികമായൊരു രേഖയുണ്ടാക്കുക എന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പൂരിപ്പിച്ചുകൊടുക്കുന്നതിന് പറഞ്ഞിട്ടുള്ളതായ കണക്റ്റഡ് ലോഡ് അതുപോലെ.....

ശ്രീ. കെ.സി. ജോസഫ് : അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. എസ്. ശർമ്മ : ഞാൻ പറയട്ടെ. ഇത്ര അസഹിഷ്ണുത കാണിക്കുന്നത് എന്തിനാണ്? ഇങ്ങനെ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. നാട്ടുകാരുടെ കാര്യത്തിൽ എല്ലാവർക്കും ഉൽക്കണ്ഠയുള്ളതല്ലേ? അതിലെന്താണ് ഇത്ര പ്രശ്നം? ഏതാനും ചില ആളുകൾക്കുള്ള ഉൽക്കണ്ഠപോലെ ഈ പ്രശ്നത്തിൽ ഉൽക്കണ്ഠയുള്ളതുകൊണ്ടാണ് കാർഡ് ഏർപ്പെടുത്താൻ തീരുമാനിച്ചത്. വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ഗുരുതരമായ ചില ക്രമക്കേടുകളും വീഴ്ചകളും കൺസ്യൂമേഴ്സിന് പ്രയാസമുണ്ടാക്കുന്നു എന്നുള്ളത് സംബന്ധിച്ച് ഒരുപാട് ആളുകൾ കേരളാ ഹൈക്കോടതിയിലും നിരവധി കോടതികളിലും പെറ്റീഷൻ കൊടുത്തിട്ടുണ്ട്. എത്രയോ കേസുകളാണ് കോടതികളിൽ കിടക്കുന്നത്. അപ്പോൾ അതിനൊരു ആധികാരിക രേഖയുണ്ടാക്കാൻ വേണ്ടി, കൺസ്യൂമേഴ്സിന്റെ താല്പര്യം സംരക്ഷിക്കുക എന്നതു മാത്രമാണ് അടിസ്ഥാനപരമായി ഈ കാർഡുകൊണ്ടുദ്ദേശിക്കുന്നത്. പിന്നെയതിന്റെ നടപടിക്രമത്തിൽ വരുന്ന പ്രശ്നമല്ലേയുള്ളൂ. ഇവിടെയിപ്പോൾ പറഞ്ഞ ചില പ്രശ്നങ്ങളുണ്ട്. അതിനു വേണ്ടി ഒരു പ്രത്യേക കൗണ്ടർ തന്നെ ഉണ്ടാകും. അതിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിവരങ്ങൾ ഉപഭോക്താക്കൾ പൂരിപ്പിക്കണമെന്നു നിർബന്ധമില്ല. അതു അപേക്ഷാ ഫോറത്തിൽ പറഞ്ഞിട്ടില്ല എന്നതു ശരിയാണ്. കൺസ്യൂമർ പൂരിപ്പിക്കേണ്ടിവരുന്ന ഫോറത്തിൽ അവരാണ് ഒപ്പിട്ടുകൊടുക്കേണ്ടത്. അതു ബഹുമാനപ്പെട്ട ജോയി പറഞ്ഞതു ശരിയാണ്. അതുകൊണ്ടാണ് ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുള്ളത്. സാങ്കേതികമായിട്ടുള്ള വിവരങ്ങൾ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. എല്ലാ സെക്ഷനുകളിലും ഈ ഫോറം പൂരിപ്പിച്ചുകൊടുക്കാൻവേണ്ടി ഒരു പ്രത്യേക സംവിധാനം ബോർഡ് ഉണ്ടാക്കും. കൺസ്യൂമറുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള നയപരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കണക്റ്റഡ് ലോഡിന്റെ കാര്യം ചോദിച്ചിട്ടുണ്ട്. ഒരിക്കലും സി.ഡി. ചാർജ് വർദ്ധിപ്പിക്കാനോ മറ്റേതെങ്കിലും തരത്തിലുള്ള പ്രശ്നമുണ്ടാക്കാനോ അല്ല. സാധാരണ ഗാർഹിക ഉപഭോക്താക്കൾക്ക് അതു ബാധകമായിട്ടുള്ളതുമല്ല. എച്ച്.ടി.എൽ.ടി.ഇ.എച്ച്.ടി. വ്യവസായങ്ങൾക്കു മാത്രമേ അതു ബാധകമായിട്ടുള്ളൂ. സാധാരണ ഉപഭോക്താക്കൾക്ക് ബാധകമായിട്ടുള്ള ഒരു നടപടിക്രമമേ അല്ല അത്. അവരെ ഒരു തരത്തിലും പ്രതികൂലമായിട്ട് ബാധിക്കുകയില്ല. ഇലക്ട്രിസിറ്റി ബോർഡിനെതിരായിട്ടുള്ള ഉപഭോക്താക്കളുടെ പരാതിക്ക് പരിഹാരം കാണാൻ, ഉപഭോക്താക്കളുടെ താല്പര്യം അടിസ്ഥാനപരമായി സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇതിനു വ്യത്യസ്തമായി ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെന്ന് പ്രത്യേകിച്ച് പരാതി ചൂണ്ടിക്കാണിച്ചാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനു ഗവൺമെന്റ് സന്നദ്ധമാണ്. അടിസ്ഥാനപരമായി ഗവൺമെന്റ് കൺസ്യൂമറുടെ താല്പര്യം സംരക്ഷിക്കാൻവേണ്ടി മാത്രമാണ് കാർഡ് ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളത്. ഇതിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും പരാതി ഏതെങ്കിലും കൺസ്യൂമറിനുണ്ടെങ്കിൽ അതു പറഞ്ഞാൽ ആ പരാതിക്കു പരിഹാരം കാണാനും കുറ്റം ചെയ്ത ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും യാതൊരു പ്രശ്നമോ മടിയോ ഗവൺമെന്റിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിച്ചിടത്തോളമില്ല എന്നതുകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ നിങ്ങൾ സഹായിക്കമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരുപാട് കേസുകൾ കോടതിയിലുണ്ട്. കൺസ്യൂമറും ബോർഡുമായി ഒരുപാട് തർക്കങ്ങളുണ്ട്. ഈ തർക്കങ്ങൾക്കു പരിഹാരം കാണാൻവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണിത്. തികച്ചും സദുദ്ദേശപരമായി, കൺസ്യൂമേഴ്സിനെ സഹായിക്കാൻ വേണ്ടിമാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തെ പ്രതിപക്ഷം ഇപ്രകാരം എതിർക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമല്ല ഇത്. എന്തെങ്കിലും കുറവു ചൂണ്ടിക്കാണിച്ചാൽ ആ കുറവു പരിഹരിക്കുന്നതിനുള്ള നടപടി തീർച്ചയായിട്ടും ഗവൺമെന്റ് സ്വീകരിക്കുന്നതാണെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

മി. സ്പീക്കർ : ഈ കാർഡ് നമ്മളാരും കണ്ടിട്ടില്ല. അതു നോക്കാം ..... (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ ബഹുമാനപ്പെട്ട ജോയി ചൂണ്ടിക്കാണിച്ചതിൽ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുകളുണ്ടാക്കുന്ന ചില സാങ്കേതികമായ കാര്യങ്ങളുണ്ട്, അതു പൂരിപ്പിക്കണമെന്ന് നിർബന്ധമില്ലെന്നു പറഞ്ഞു. ബോർഡിന്റെ ഒരു ഓർഡറിലൂടെ ആ ഭാഗങ്ങൾ ഒഴിവാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ആലോചിച്ച് മറുപടി പറയാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : പ്രത്യേക കൗണ്ടർ തുറന്ന് കൺസ്യൂമേഴ്സിന്റെ പ്രസൻസിൽ, ബോർഡിലെ ഉദ്യോഗസ്ഥന്മാർ കൂടി അവരെക്കൂടി വിശ്വാസത്തിലെടുത്തിട്ട് ആ ഫോം പൂരിപ്പിക്കുന്നതിനുള്ള നടപടി എടുക്കും. സാങ്കേതികമായിട്ടുള്ള കാര്യങ്ങൾ കൺസ്യൂമേഴ്സ് പൂരിപ്പിക്കുക എന്നുള്ളത് അപ്രായോഗികമാണ്. അതുകൊണ്ടാണ് സെക്ഷനടിസ്ഥാനത്തിൽ ഇതിനുവേണ്ടി പ്രത്യേകം കൗണ്ടർ ആരംഭിച്ച് കൺസ്യൂമേഴ്സിനെ സഹായിക്കുന്നതിനും സാങ്കേതികമായിട്ടുള്ള കാര്യങ്ങൾ പൂരിപ്പിക്കുന്നതിനുമാണ്. അതു ബോർഡ് സഹായിക്കും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു ..... (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഇതിനകത്ത് നമ്മൾ അപേക്ഷിച്ച തീയതി, രസീതിന്റെ നമ്പർ തുടങ്ങിയ കാര്യങ്ങൾ, നമ്മുടെ നാട്ടിലെ പാവപ്പെട്ട വീടുകളിൽ ഫയലിംഗ് സിസ്റ്റമൊന്നുമില്ല. അവിടെയൊന്നും പേഴ്സണൽ ലൈബ്രറിയോ ഫയലിംഗ് സിസ്റ്റമോ ഇല്ല. എത്രയോ വർഷങ്ങൾക്കു മുമ്പുള്ളതാണ്. അത്തരം കാര്യങ്ങളിൽ ഉപഭോക്താക്കൾ ബുദ്ധിമുട്ടുകയാണ്. ഞങ്ങളാരും ഈ കാർഡിന് എതിരല്ല. കാർഡ് വേണം. ഉപഭോക്താക്കൾക്ക് അറിയാവുന്ന കാര്യങ്ങൾ മാത്രമല്ലേ എഴുതാൻ പറ്റുകയുള്ളൂ. അതിൽ എഴുതാൻ പറ്റാത്ത കാര്യങ്ങളാണ് പറയുന്നത്.

ശ്രീ. എസ്. ശർമ്മ : ഉപഭോക്താക്കൾക്ക് അറിയാവുന്ന കാര്യങ്ങൾ മാത്രം പൂരിപ്പിച്ചാൽ മതി. ബാക്കി കാര്യങ്ങൾ ബോർഡിലെ ഉദ്യോഗസ്ഥന്മാർ പൂരിപ്പിക്കും. അവരുടെ മുന്നിൽ രജിസ്റ്ററുണ്ട്, രേഖകളുണ്ട്. അതു അവരെക്കൊണ്ട് ചെയ്യിപ്പിക്കാമെന്ന കാര്യം ഞാൻ വ്യക്തമാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly